LIBRARY ARCHIVES Kerala Legislative Assembly

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ

163 (613) ശ്രീ. കെ. കെ. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളുടെ വിശദവിവരം നൽകുമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ജീവനക്കാർക്ക് എത്ര ഗഡു ഡി.എ. നൽകുവാൻ അവശേഷിച്ചിരുന്നു ;

(സി) ഈ സർക്കാർ ഇതിനകം എത്ര ഗഡു ഡി.എ. അനുവദിച്ചിട്ടുണ്ട് ;

(ഡി) ഒരു കണ്ടക്ടർ 2006-ൽ സർവ്വീസിൽ പ്രവേശിക്കുമ്പോൾ ലഭിച്ചിരുന്ന ശമ്പളവും ഇപ്പോൾ സർവ്വീസിൽ പ്രവേശിക്കുന്ന കണ്ടക്ടർക്ക് ലഭിക്കുന്ന ശമ്പളവും എത്രയാണെന്ന് അറിയിക്കുമോ ?

ഉത്തരം

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 28-11-2008-ലെ സേവന-വേതനക്കരാർ അനുസരിച്ച് വേതനം പരിഷ്ക്കരിച്ചുനൽകിയിട്ടുണ്ട്. പ്രീ റിവൈസ്ഡ് സ്കെയിലിൽ 14%-വും റിവൈസ്ഡ് സ്കെയിലിൽ 64%-വും ഉൾപ്പെടെ ആകെ 78% ഡി.എ. അനുവദിച്ചിട്ടുണ്ട്.

(ബി) 29%

(സി) പ്രീ റിവൈസ്ഡ് സ്കെയിലിൽ 14%-വും റിവൈസ്ഡ് സ്കെയിലിൽ 64%-വും ഉൾപ്പെടെ ആകെ 78% ഡി.എ. അനുവദിച്ചിട്ടുണ്ട്.

(ഡി) 2006-ൽ കണ്ടക്ടറുടെ ശമ്പളം 4,682 രൂപ 1-1-2011-ലെ ശമ്പളം 7,848 രൂപ (ഒരുമാസം മുഴുവൻ ഡ്യൂട്ടിയും ചെയ്താൽ കിട്ടാവുന്ന പരമാവധി ശമ്പളം, കണ്ടക്ടർ II ഗ്രേഡ്)

കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ

164 (614) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് പെൻഷൻ നൽകുന്ന ചുമതല സർക്കാർ ഏറ്റെടുക്കണമെന്നുള്ള ആവശ്യം സർക്കാരിനുമുന്നിൽ ഉന്നയിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ ആരെല്ലാമാണ് ഈ ആവശ്യം ഉന്നയിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(സി) പെൻഷൻ നൽകുന്നതിനുള്ള ബാധ്യത സർക്കാർ ഏറ്റെടുക്കണമെന്ന് അഭ്യർത്ഥിച്ച് കെ.എസ്.ആർ.ടി.സി.യിൽനിന്നും കത്ത് ലഭിച്ചിട്ടുണ്ടോ ;

(ഡി) പെൻഷൻ നൽകുന്നതിനുള്ള ബാധ്യത ഏറ്റെടുക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ടോ ; ഉദ്ദേശിക്കുന്നുണ്ടോ ;

(ഇ) ഇക്കാര്യത്തിൽ നിയമസഭാ സബ്ജക്ട് കമ്മിറ്റി ശുപാർശകൾ എന്തെങ്കിലും നടത്തിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) ഉന്നയിച്ചിട്ടുണ്ട്.

(ബി) പെൻഷൻ സർക്കാർ ഏറ്റെടുക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് കെ.എസ്.ആർ.ടി.സി. (Bud;1/1665/07 dated, 11-4-2007 പ്രകാരം കത്തയച്ചിട്ടുണ്ട്. ആയതുകൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ സർക്കാർ ഏറ്റെടുക്കണമെന്ന് നിയമസഭ സബ്ജക്ട് കമ്മിറ്റി 2007-08, 2008-09, 2010-11 വർഷങ്ങളിലെ റിപ്പോർട്ടുകളിൽ ശിപാർശ ചെയ്തിട്ടുണ്ട്.

(സി) ലഭിച്ചിട്ടുണ്ട്.

(ഡി) തൽക്കാലം പരിഗണനയിലില്ല.

(ഇ) കെ.എസ്.ആർ.ടി.സി.-യുടെ പെൻഷൻ ബാധ്യത ഏറ്റെടുക്കുകയോ പെൻഷന് തുല്യമായതുക ഗ്രാന്റായിനൽകുകയോ ചെയ്യണമെന്ന് സബ്ജക്ട് കമ്മിറ്റി 2007-08-ൽ ധനാഭ്യർത്ഥനകളുടെ പരിശോധന രണ്ടാമത് റിപ്പോർട്ട് ചെയ്തിരുന്നു. നിയമസഭാ സബ്ജക്ട് കമ്മിറ്റി 2008-09-ലെയും 2010-11-ലെയും റിപ്പോർട്ടിലും ടി ശിപാർശ ആവർത്തിച്ചിട്ടുണ്ട്.

വയനാട് ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളിൽനടത്തിയ നവീകരണ പ്രവർത്തനങ്ങൾ

165 (615) ശ്രീ. പി. കൃഷ്ണപ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിലെ ഡിപ്പോകളിൽ കഴിഞ്ഞ അഞ്ച് വർഷക്കാലത്ത് അനുവദിക്കപ്പെട്ട പുതിയ കെ.എസ്.ആർ.ടി.സി. ബസ്സുകളുടെ എണ്ണവും ജീവനക്കാരുടെ എണ്ണവും മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ ;

(ബി) ജില്ലയിലെ കെ.എസ്.ആർ.ടി.സി. ഡിപ്പോകളുടെ നവീകരണത്തിനും മറ്റ് വികസനത്തിനും ചെലവിട്ട തുക മണ്ഡലം തിരിച്ച് ലഭ്യമാക്കുമോ ; നടത്തിയ വികസന-നവീകരണ പ്രവർത്തനങ്ങൾ വിശദമാക്കുമോ ;

(സി) പ്രസ്തുത കാലയളവിൽ വയനാട് ജില്ലയിലെ ഡിപ്പോകളിൽനിന്നും തിരിച്ചും പുതുതായി ആരംഭിച്ചതും പുനഃസ്ഥാപിച്ചതുമായ സർവ്വീസുകളുടെ വിശദാംശം ഡിപ്പോ തിരിച്ച് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly